പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1910 **26-10-2026-ൽ മറുപടിയ്ക്ക്**

ലോട്ടറി ഏജന്റുമാരുടെ വിവരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ഓരോ സാമ്പത്തിക വർഷവും ലോട്ടറി വിൽപ്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന ആകെ വരുമാനം എത്രയാണെന്ന് വിശദമാക്കാമോ; 2026 വരെയുള്ള അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

മറുപടി:

ക്രമ നം.	സാമ്പത്തിക വർഷം	ലോട്ടറി വില്പനയിലൂടെ ലഭിച്ച വരുമാനം (തുക കോടിയിൽ)
1	2021-22	7144.54
2	2022-23	11890.96
3	2023-24	12529.26
4	2024-25	12711.94
5	2025-26	14241.64

(ബി) കേരളത്തിൽ നിലവിൽ എത്ര അംഗീകൃത ലോട്ടറി ഏജന്റുമാരും ഉപ ഏജന്റുമാരും വിൽപ്പനക്കാരും പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

മറുപടി: 22.10.2026 തീയതി അടിസ്ഥാനമാക്കി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 25,194 ഏജന്റുമാരാണ് സജീവമായിട്ടുള്ളത്.

(സി) ലോട്ടറി വിൽപ്പനക്കാരുടെ ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണ് ഉള്ളത്; കണക്ക് ലഭ്യമാക്കാമോ;

മറുപടി: ലോട്ടറി വിൽപ്പനക്കാരുടെ ക്ഷേമനിധിയിൽ നിലവിൽ 28,039 അംഗങ്ങളാണ് ഉള്ളത്

(ഡി) ലോട്ടറി ക്ഷേമനിധിയിൽ നിന്ന് പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സഹായം എന്നിവ ലഭിക്കുന്നവരുടെ എണ്ണം ലഭ്യമാക്കാമോ?

മറുപടി: ലോട്ടറി ക്ഷേമനിധിയിൽ നിന്ന് പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സഹായം എന്നിവ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:-

ക്രമ നം.	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം
1	പെൻഷൻ	9750
2	ചികിത്സാ സഹായം	7
3	മരണാനന്തര സഹായം	86
4	വിദ്യാഭ്യാസ സഹായം	6

സെക്ഷൻ ഓഫീസർ